(ബി) ഏതാണ്ടെല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ എന്നിവ വികസിപ്പിക്കുന്ന നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൊണ്ടുസംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടുസംഭരണം പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

സിവിൽ സപ്ലൈസ് - വില വർദ്ധനവ്

250 (1307) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിൽ അരി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കളുടെ വില, എത്ര പ്രത്യേക സാഹചര്യത്തിലാണ് ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മന്ത്രിസഭാ തീരുമാനത്തിന്റെയോ ഏതെങ്കിലും കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമോ ആണോ പ്രസ്തുത വിലവർദ്ധനവ് നടപ്പിൽ വരുത്തിയിരിക്കുന്നത് എന്നും, വിലവർദ്ധനവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചത്. എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ വർദ്ധിക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമാണ്.

(ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശിപാർശ ചെയ്തിരുന്നു. 6-8-2014-ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. 1-12-2014-ൽ നിലവിൽ വന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില്പന വില അനുബന്ധമായി ചേർക്കുന്നു.*

മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി

251 (1308) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.